നം.എ5/11339/2012/ട്രാ.ക.

ടെലിഫോൺ: 0471–2333314
ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്
ട്രാൻസ് ടവർ, വഴുതക്കാട്
തൈക്കാട് പി.ഒ., തിരുവനന്തപുരം–695014
തീയ്യതി: 13/02/2014

പ്രേക്ഷിതൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ

സ്വീകർത്താവ്,

1. എല്ലാ മേഖലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും
2. എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ആഫീസർമാർക്കും
3. എല്ലാ സബ് റീജിയണൽ ട്രാൻസ്പോർട്ട് ആഫീസിലേയും ജോയിൻറ് റീജിയണൽ ട്രാൻസ്പോർട്ട് ആഫീസർമാർക്കും

സർ,

വിഷയം:– മുൻകൂർ അനുമതിയില്ലാതെ ഉദ്യോഗസ്ഥർ അവധിയിൽ പ്രവേശിക്കുന്നതും അനധികൃതമായി ജോലിക്കു ഹാജരാകാതിരിക്കുന്നതും സംബന്ധിച്ച്

സൂചന:– ഈ ആഫീസിലെ 11/12/2013 ലെ 28/2013/ട്രാ.ക. നമ്പർ പരിപത്രം

സൂചനയിലെ പരിപത്രത്തിലേയ്ക്ക് ശ്രദ്ധക്ഷണിക്കുന്നു. ഈ വകുപ്പിലെ വകുപ്പുതല പ്രവർത്തനങ്ങൾ നിർവ്വഹിക്കുകയും യഥാസമയം മേൽനോട്ടം വഹിക്കുകയും ചെയ്യേണ്ട ഉദ്യോഗസ്ഥർ നിയന്ത്രണോദ്യോഗസ്ഥൻെറ മുൻകൂർ അനുമതിയില്ലാതെ അവധിയിൽ പ്രവേശിക്കുന്നതായും അനധികൃതമായി വകുപ്പുതല പ്രവർത്തനങ്ങളിൽ നിന്നും വിട്ടു നിൽക്കുന്നതായും ശ്രദ്ധയിൽപ്പെട്ടതിൻെറ അടിസ്ഥാനത്തിൽ അസിസ്റ്റൻറ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ മുതൽ മുകളിലേട്ടുള്ള എല്ലാ ഉദ്യോഗസ്ഥരും ഒരാഴ്ച്ചയിൽ കൂടുതലുള്ള അവധികൾ ഈ ആഫീസിൽ അറിയിച്ച് കേരള സർവ്വീസ് റൂൾസ് ഭാഗം ഒന്നിലെ ചട്ടം 65 ൽ നിർദ്ദേശിക്കും പ്രകാരം മുൻകൂർ അനുമതിവാങ്ങിയതിനുശേഷം മാത്രമേ അവധിയിൽ പ്രവേശിക്കാൻ പാടുള്ളു എന്ന് ടി പരിപത്രം മുഖേന നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഈ നിർദ്ദേശം പാലിക്കാതെ തുടർന്നും ടി ഉദ്യോഗസ്ഥർ അവധിയിൽ പ്രവേശിക്കുന്നതായും അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിന്ന് വകുപ്പുതല പ്രവർത്തനങ്ങളിൽ വീഴ്ച്ച വരുത്തുന്നതായും ശ്രദ്ധയിൽപ്പെട്ടതിൻെറ അടിസ്ഥാനത്തിൽ ടി നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്നും ഇതിൽ വീഴ്ച്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരേയും നിയന്ത്രണോദ്യോഗസ്ഥരായ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ, റീജിയണൽ ട്രാൻസ്പോർട്ട് ആഫീസർ, സബ് റീജിയണൽ ട്രാൻസ്പോർട്ട് ആഫീസിലെ ജോയിൻറ് റീജിയണൽ ട്രാൻസ്പോർട്ട് ആഫീസർ എന്നിവർക്കെതിരേയും ശക്തമായ വകുപ്പുതല അച്ചടക്ക നടപടികൾ കൈകൊള്ളുന്നതാണെന്നും ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥന്മാരേയും ഇതിനാൽ അറിയിക്കുന്നു.

സൂചനയിലെ സർക്കുലർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചതിനുശേഷം ഈ ആഫീസിൽ നിന്നുമുള്ള മുൻകൂർ അനുമതിയില്ലാതെ ഇത്തരത്തിൽ ഒരാഴ്ച്ചയ്ക്കുമുകളിലുള്ള അവധികൾ അസിസ്റ്റൻറ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറും അതിനുമുകളിലുള്ള തസ്തികകളിലും ജോലിനോക്കുന്ന ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള എല്ലാ ആഫീസ് മേധാവികളും ഇത്തരത്തിൽ അനധികൃതമായി അവധി അനുവദിക്കുവാനുണ്ടായ പ്രത്യേക സാഹചര്യവും ആയതിൻെറ വ്യക്തമായ വിശദീകരണം സഹിതം മടക്കത്തപാലിൽ തന്നെ ഈ ആഫീസിൽ ലഭ്യമാക്കേണ്ടതും 17/02/2014 ൽ ഈ ആഫീസിൽ വച്ച് കൂടുവാൻ നിശ്ചയിച്ചിരിക്കുന്ന കൂടിക്കാഴ്ച്ചായോഗത്തിൽ ആവശ്യമെങ്കിൽ നേരിട്ടു വിശദീകരിക്കേണ്ടതുമാണ്. ഇത്തരത്തിൽ അവധികൾ അനുവദിച്ചിട്ടില്ലാത്ത ആഫീസ് മേധാവികൾ ടി വിവരം ലഭ്യമാക്കേണ്ടതും പിന്നീട് ടി വിവരത്തിനു വിരുദ്ധമായവിവരം ശ്രാദ്ധയിൽപ്പെട്ടാൽ ടി നിയന്ത്രണോദ്യോഗസ്ഥനെതിരെ ശക്തമായ വകുപ്പുതല അച്ചടക്ക നടപടികൾ കൈകൊള്ളുന്നതാണെന്ന വിവരവും ഇതിനാൽ അറിയിക്കുന്നു.

ഈ കത്തിൻെറ കൈപ്പറ്റു രശീതി എല്ലാ ആഫീസ് മേധാവികളും മടക്കത്തപാലിൽ തന്നെ ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

സി.വി. സുനിൽ കുമാർ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ
ട്രാൻസ്പോർട്ട് കമ്മീഷണർക്ക് വേണ്ടി